ഭരണഭാഷ മാതൃഭാഷ

## വനിതശിശുവികസനഡയറക്ടറുടെ നടപടിക്രമങ്ങൾ

**(സാന്നിദ്ധ്യം : അനുപമ റ്റി.വി. IAS )**

വിഷയം : വനിതശിശുവികസനവകുപ്പ്-അങ്കണവാടി കെട്ടിട നിർമ്മാണം- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുമായി (MGNREGS) ചേർന്ന് 203 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം :1)കേന്ദ്ര സർക്കാരിന്റെ 31/05/2016,10/08/2016 ,29/03/2017 തീയതികളിലെ F.No.CD-14/102/2015/CD-II നമ്പർ കത്ത്

2) G.O.(Rt)118/2016/LSGD dt.12/01/2016

3) G.O(Rt) No.1009/2017/Fin dt.08/02/2017

4) സ.ഉ.(സാധാ)നം.199/2017/സാനീവ തീയതി 30/03/2017

5) സ.ഉ.(സാധാ)നം.330/2021/സാനീവ തീയതി 19/05/2021

6) ഈ കാര്യാലയത്തിലെ 09/08/2021 തീയതിയിലെ ഐസിഡിഎസ്സ്/എ7-5914/21 നമ്പർ ഉത്തരവ്

7) G.O.(RT) No.4791/2021/Fin Dt. 05/07/2021

**ഉത്തരവ് നം ഐസിഡിഎസ്സ്/എ7-5914/21 തീയതി : 03/09/2021**

2016-17 സാമ്പത്തികവർഷം MGNREGS പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് 923 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് 3 ഘട്ടങ്ങളിലായി കേന്ദ്രഗവൺമെന്റ് 1107.06 ലക്ഷം രൂപ പരാമർശം (1) പ്രകാരം അനുവദിച്ചിരുന്നു. MGNREGS പദ്ധതി പ്രകാരം അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നിർമ്മാണഏജൻസിയായി MGNREGS മിഷനെ ചുമതലപ്പെടുത്തി പരാമർശം (2) പ്രകാരം ഉത്തരവാകുകയും പദ്ധതി പ്രകാരമുള്ള കേന്ദ്ര സംസ്ഥാന വിഹിതം MGNREGS മിഷൻ ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറി STSB അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് പരാമർശം (3) പ്രകാരം അനുമതി ലഭിച്ചിട്ടുള്ളതുമാണ്. ടി പദ്ധതി പ്രകാരം ഒരു അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് MGNREGS മിഷൻ വിഹിതമായി 5 ലക്ഷം രൂപയും, കേന്ദ്ര സംസ്ഥാന സർക്കാർ വിഹിതമായി 2 ലക്ഷം രൂപ 60:40 എന്ന അനുപാതത്തിലും ബാക്കി ആവശ്യമായ തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വഹിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

ആദ്യഘട്ടമായി 720 കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ കേന്ദ്ര സംസ്ഥാന വിഹിതമായ 1440 ലക്ഷം രൂപ പരാമർശം (4) പ്രകാരം MGNREGS മിഷൻ ഡയറക്ടറുടെ TSB അക്കൗണ്ടിൽ നിക്ഷേപിക്കുകയും പദ്ധതി പ്രകാരം 720 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഈ കാര്യാലയത്തിൽ നിന്നും അനുമതി നൽകുകയുമുണ്ടായി.

കേന്ദ്ര സർക്കാർ നിർമ്മാണാനുമതി നൽകിയ 923 അങ്കണവാടികളിൽ നിർമ്മാണത്തിന് അവശേഷിക്കുന്ന 203 അങ്കണവാടികളുടെ കേന്ദ്രസംസ്ഥാന വിഹിതമായ 406 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷം 4235-02-102-89 പ്ലാൻ ശീർഷകത്തിൽ വകയിരുത്തുകയും പ്രസ്തുത തുക വിനിയോഗിച്ച് 203 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും 406 ലക്ഷം (നാനൂറ്റിആറ് ലക്ഷം) രൂപ മിഷൻ ഡയറക്ടറുടെ STSB അക്കൌണ്ടിൽ നിക്ഷേപിക്കുന്നതിനും പരാമർശം (5) (6) പ്രകാരം ഉത്തരവായിരുന്നു.

4235-02-102-89 പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിരുന്ന തുകയിൽ കേന്ദ്രസംസ്ഥാനവിഹിതം ഉൾപ്പെട്ടിട്ടുള്ളതിനാൽ കേന്ദ്രസംസ്ഥാന ഫണ്ടുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക ശീർഷകം അനുവദിച്ച് പരാമർശം (7) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ പരാമർശം (6) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും 203 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ 406 ലക്ഷം രൂപയിൽ കേന്ദ്ര വിഹിതമായ 243.6 ലക്ഷം (രണ്ട് കോടി നാൽപ്പത്തിമൂന്ന് ലക്ഷത്തിഅറുപതിനായിരം) രൂപ 4235-02-102-89-(01) പ്ലാൻ ശീർഷകത്തിൽ നിന്നും സംസ്ഥാനവിഹിതമായ 162.4 ലക്ഷം(ഒരു കോടി അറുപത്തിരണ്ട്ലക്ഷത്തിനാൽപതിനായിരം) രൂപ 4235-02-102-89-(02) പ്ലാൻ ശീർഷകത്തിൽ നിന്നും പിൻവലിച്ച് MGNREGS മിഷൻ ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള TSB നം.799011400000486 അക്കൌണ്ടിൽ നിക്ഷേപിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഈ കാര്യാലയത്തിൽ നിന്നും അങ്കണവാടികൾക്ക് നിർമ്മാണാനുമതി നൽകുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ട നടപടി MGNREGS മിഷൻ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

മിഷൻ ഡയറക്ടർ
MGNREGS
തിരുവനന്തപുരം

ഒപ്പ്
വനിതശിശുവികസനഡയറക്ടർ

**പകർപ്പ്**

1) സൂപ്രണ്ട്,എ സെക്ഷൻ
(അലോട്ട്മെന്റ് അനുവദിക്കുന്നതിനായി)
2) സൂപ്രണ്ട്,ബിൽ സെക്ഷൻ
3) സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

Sende

സൂപ്രണ്ട്